LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വിഷവിമുക്ത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

സന്നദ്ധ സംഘടനകൾ, കർഷക കൂട്ടായ്മകൾ, സ്ഥാപനങ്ങൾ എന്നിവർക്കായി ജൈവകൃഷി രീതികൾ പരിചയപ്പെടുത്തുവാനുള്ള ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. പതിനാല് ജില്ലകളിലും ഉറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി ധനസഹായം നൽകിവരുന്നു. വിഷവിമുക്തമായി പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിന് വിവധയിനം പച്ചക്കറി തൈകളും ഗുണമേൻമയുള്ള പച്ചക്കറി വിത്ത് പായ്ക്കറ്റുകളും സൗജന്യമായി സന്നദ്ധ സംഘടനകൾക്കും റസിഡൻസ് അസോസിയേഷനുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. ജൈവകൃഷി രീതികൾ പ്രതിപാദിക്കുന്ന 'ജൈവ പച്ചക്കറി കൃഷി സഹായി' എന്ന കൈപ്പുസ്തകം വിതരണം ചെയ്തുവരുന്നു.

കർഷക പെൻഷൻ കുടിശ്ശിക

150 (1519) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക പെൻഷൻ ഇനത്തിൽ എത്ര തുക നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; നിലവിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ; ഇതു നൽകുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 530.58 കോടി രൂപ കർഷക പെൻഷൻ ഇനത്തിൽ നൽകിയിട്ടുണ്ട്. നിലവിൽ 8 മാസത്തെ കുടിശ്ശിക നൽകാനുണ്ട്. കുടിശ്ശിക തുക ലഭ്യമാക്കുന്നതിനായി എസ്.ഡി.ജി മുഖേനയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കർഷക ആത്മഹത്യകൾ

151 (1520) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം എത്ര കർഷക ആത്മഹത്യകൾ നടന്നു എന്ന് അറിയിക്കാമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) മരണപ്പെട്ട കർഷകരുടെ കുടുംബത്തിന് എന്തെങ്കിലും ധനസഹായം പ്രഖ്യാപിച്ചിരുന്നുവോ ; എങ്കിൽ അവ പൂർണ്ണമായും വിതരണം ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 58 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം
തിരുവനന്തപുരം	4
കൊല്ലം	...
പത്തനംതിട്ട	1
ആലപ്പുഴ	2
കോട്ടയം	...
ഇടുക്കി	...
എറണാകുളം	...
തൃശ്ശൂർ	3
പാലക്കാട്	12
മലപ്പുറം	...
കോഴിക്കോട്	1
വയനാട്	26
കണ്ണൂർ	6
കാസർകോഡ്	3
ആകെ	58

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആത്മഹത്യ ചെയ്ത 37 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായമായി ആകെ 34,50,000 രൂപ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly